**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1971** **14-10-2024 - ൽ മറുപടിയ്ക്ക്**

**വിവിധ വകുപ്പുകളിൽ നിയമിതരാകുന്ന സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയേറ്റിൽ നിന്നും വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ ഫിനാൻസ് ഓഫീസർ/ ലോ ഓഫീസർ ആയി നിയമിതരാകുന്ന പൊതുഭരണ/ ധനകാര്യ/ നിയമവകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഇത്തരത്തിൽ നിയമനം നൽകുന്നതിനു മുമ്പായി പരിശീലനം നൽകാറുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ഇല്ല |
| (ബി) | ഇപ്രകാരം നിയമിതരാകുന്ന ഉദ്യോഗസ്ഥരുടെ കാര്യക്ഷമത ഉയർത്തുന്നതിനായി നിയമനത്തിന് മുൻപായോ നിയമിക്കപ്പെട്ടതിനു ശേഷമോ അവർ സേവനം അനുഷ്ഠിക്കുന്ന തസ്തികയ്ക്ക് ആവശ്യമായ തരത്തിൽ പരിശീലനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സർക്കാർ അടിയന്തരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | വിവിധ തസ്തികകളിലെ ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി സർവ്വീസ് സംബന്ധമായ വിവിധ വിഷയങ്ങൾ, സോഫ്റ്റ് സ്കിൽ/ ലൈഫ് സ്കിൽ എന്നിവയിൽ പൊതുവായ പരിശീലനത്തിന്റെ ഭാഗമായി എല്ലാ വിഭാഗം ഉദ്യോഗസ്ഥർക്കും പരിശീലനം നൽകാറുണ്ട്. |
| (സി) | ഇപ്രകാരം നിയമനം ലഭിക്കുന്നവർക്ക് പരിശീലനം ഉറപ്പ് വരുത്തുന്നതിന് സർക്കാർ അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കുമോയെന്നും സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിൽ ഇതു സംബന്ധിച്ച ഭേദഗതികൾ വരുത്തുമോയെന്നും അറിയിക്കാമോ; | (സി) | വിവിധ തസ്തികകളിലെ ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനായി സർവ്വീസ് സംബന്ധമായ വിവിധ വിഷയങ്ങൾ, സോഫ്റ്റ് സ്കിൽ/ ലൈഫ് സ്കിൽ എന്നിവയിൽ പൊതുവായ പരിശീലനത്തിന്റെ ഭാഗമായി എല്ലാ വിഭാഗം ഉദ്യോഗസ്ഥർക്കും പരിശീലനം നൽകാറുണ്ട്. |
| (ഡി) | സംസ്ഥാന സർക്കാർ സർവീസിലെയും സെക്രട്ടേറിയറ്റിലെയും ഉദ്യോഗസ്ഥർക്ക് ഓരോ തസ്തികയിലേക്കുമുള്ള പ്രമോഷൻ നൽകുന്നതോടൊപ്പം പ്രസ്തുത തസ്തികയ്ക്ക് അനുയോജ്യമായ ട്രെയിനിംഗ് നൽകാറുണ്ടോ; ഇല്ലെങ്കിൽ തസ്തികയ്ക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | എല്ലാ ഉദ്യോഗസ്ഥർക്കും IMG മുഖേനയും മറ്റ് പരിശീലന സ്ഥാപനങ്ങളിലും ഇൻ സർവ്വീസ് പരിശീലനം നൽകുന്നുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റത്തോടൊപ്പം പരിശീലനം നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ